**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1964** **04-02-2026 - ൽ മറുപടിയ്ക്ക്**

**ഹജ്ജ് തീർത്ഥാടന മുന്നൊരുക്കങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | 2026-ലെ ഹജ്ജ് തീർത്ഥാടനത്തിന് മുന്നോടിയായി സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള മുന്നൊരുക്കങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (എ) | കരിപ്പൂരിലെ സംസ്ഥാന ഹജ്ജ് കമ്മിറ്റി കാര്യാലയത്തിൽ 2026 ഹജ്ജ് ക്യാമ്പ് നടത്തിപ്പിന് ആവശ്യമായ വിവിധ ഒരുക്കങ്ങൾ നടന്നുവരികയാണ്. ഹാജിമാർക്ക് ക്യാമ്പിൽ താമസ സൗകര്യം, ഭക്ഷണം, ട്രാൻസ്പോർട്ടേഷൻ, മറ്റു സൗകര്യങ്ങൾ എന്നിവ നൽകുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. കേരളത്തിലെ ഹജ്ജ് തീർത്ഥാടകർക്കായി മൂന്ന് ഘട്ടങ്ങളിലായി ഹജ്ജ് സാങ്കേതിക പഠനക്ലാസ്സ് ഹജ്ജ് കമ്മിറ്റി സംഘടിപ്പിക്കുന്നുണ്ട്. ഹാജിമാർക്ക് ആവശ്യമായ വിവിധ സേവനങ്ങൾ നൽകുന്നതിനായി ഓരോ മണ്ഡലത്തിലും ഹജ്ജ് ട്രെയിനർമാരെ നിയമിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന് കീഴിലുള്ള ഹജ്ജ് മിഷനാണ് സൗദിയിലെ ഹജ്ജുമായി ബന്ധപ്പെട്ട കാര്യങ്ങൾ കോഡിനേറ്റ് ചെയ്യുന്നത്. ഹജ്ജ് കമ്മിറ്റിക്ക് കീഴിൽ ഹജ്ജിനു പോകുന്ന ഹാജിമാരെ സാഹായിക്കുന്നതിന് ഓരോ 150 ഹാജിക്ക് വീതം ഒരു സ്റ്റേറ്റ് ഹജ്ജ് ഇൻസ്പെക്ടർമാരെ വളണ്ടിയർമാരായി സൗദിയിലേക്ക് അയയ്ക്കുന്നുണ്ട്. ഹജ്ജ് കമ്മിറ്റിക്ക് കീഴിൽ പോകുന്ന ഹാജിമാരുടെ കൂടെ യാത്രയുടെ ആരംഭം മുതൽ തിരിച്ച് വരുന്നതുവരെ സഹായത്തിനായി സ്റ്റേറ്റ് ഹജ്ജ് ഇൻസ്പെക്ടർമാർ ഉണ്ടായിരിക്കും. |
| (ബി) | കരിപ്പൂർ, കൊച്ചി വിമാനത്താവളങ്ങളിൽ ഹജ്ജ് തീർത്ഥാടകർക്കായി ഇത്തവണ എന്തെല്ലാം സൗകര്യങ്ങൾ വർദ്ധിപ്പിക്കാനാണ് സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (ബി) | കേരളത്തിലെ മൂന്ന് എംബാർക്കേഷനുകളിലും വെച്ച് നടത്തുന്ന ഹജ്ജ് ക്യാമ്പിൽ ഹജ്ജ് തീർത്ഥാടകർക്ക് ആവശ്യമായ ഭക്ഷണം, താമസം, മെഡിക്കൽ സർവ്വീസ് തുടങ്ങിയ എല്ലാ സൗകര്യങ്ങളും ഒരുക്കുന്നുണ്ട്.ക്യാമ്പുകളിൽ ഹജ്ജ് സന്നദ്ധസേവകരുടെ സഹായവും, കൂടാതെ ഹജ്ജ് ക്യാമ്പുകളിലെ തീർത്ഥാടകരുടെ സേവനത്തിനായി ഹജ്ജ് സെൽ മെമ്പർമാരെയും |

| | | | |
|---|---|---|---|
| | | | നിയോഗിക്കാറുണ്ട്.ഹെൽപ്പ് ഡെസ്ക് സംവിധാനവും ഹജ്ജ് കമ്മിറ്റി ഒരുക്കുന്നുണ്ട്. |
| (സി) | ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന് എന്തെങ്കിലും പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ